**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **13-02-2025 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതിയിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ചലനശേഷി ഇല്ലാത്തവരെയും മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന കിടപ്പ രോഗികളെയും പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന നൽകിവരുന്ന ധനസഹായ വിതരണത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവർഷം 37.64 കോടി രൂപയാണ് ബജറ്റുവിഹിതമായി അനുവദിച്ചിട്ടുള്ളത്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611 രൂപ 27962 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 14 ജില്ലകളിലെ 28028 ഗുണഭോക്താക്കൾക്ക് നസഹായം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ,വയനാട്, കാസർഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ 2 മാസം വരെ ധനസഹായവും അനുവദിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | 2018 മാർച്ചിന് ശേഷം അപേക്ഷ സമർപ്പിച്ചവരെ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ 2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്. |
| (സി) | അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം കുടിശിക കൂടാതെ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ആശ്വാസകിരണം പദ്ധതി പ്രകാരം അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനാണ് ശ്രമിക്കുന്നത്. ഫണ്ട് ലഭ്യതക്കനുസൃതമായി ധനസഹായം നൽകുന്നതിനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ